# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1509 — 03.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം ഉടൻ നടപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനത്തോടാവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പദ്ധതി നടപ്പാക്കുന്നതിനു മുമ്പായി സംസ്ഥാന പൊതുവിതരണ സമ്പ്രദായത്തിൽ എന്തൊക്കെ പുതിയ പരിഷ്ക്കരണങ്ങളാണ് വരുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households),** വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door steps delivery),** റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ **(Online allocation),** പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** എന്നിവയാണ് ഇതര കാര്യങ്ങൾ ക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്. |
| (സി) ഇതു സംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ; | (സി) 07-07-2014 ലെ സ.ഉ.(കൈ)നം.21/14/ ഭ.സി.സ.വ. പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയി ക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം **(RCMS)** പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 01-01-2015 മുതൽ വിവര ശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും 19-01-2015 മുതൽ സംസ്ഥാനത്ത് ഒട്ടാകെ സംഘടിപ്പിച്ച 9442 ഫോട്ടോ ക്യാമ്പുകളി ലൂടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ 13-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടുംബ ത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയുംചെയ്തു. 18 വയസ് പൂർത്തി യായ വനിത കുടുംബത്തിൽ ഇല്ലാത്ത പക്ഷം മുതിർന്ന പുരുഷന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറ ങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ സി.ഡിറ്റ്, അക്ഷയ, കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ |

ഉന്നതി എന്നീ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി മേൽ പറഞ്ഞ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനതല റാങ്കിംഗ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും (കോർപ്പറേഷൻ /മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ ജൂനിയർ സൂപ്രണ്ടിൽ കുറയാത്ത ഉദ്യോഗസ്ഥൻ), ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള വെരിഫിക്കേഷൻ കമ്മിറ്റി 03-12-2015 ലെ സ.ഉ.(സാധാ) നം.391/15/ ഭ.സി.സ.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് എതിരായ അപ്പീൽ കേൾക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ആഫീസർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ സോഷ്യൽ വെൽഫയർ ആഫീസർ, എ.ഡി.സി. ജനറൽ എന്നിവർ അംഗങ്ങളുമായ അപ്പീൽ കമ്മിറ്റി 26-02-2016 ലെ സ.ഉ.(സാധാ)നം.48/2016/ ഭ.പൊ.വി.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. അന്തിമ മുൻഗണനാ/മുൻഗണന ഇതര പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

## വാതിൽപ്പടി വിതരണം (door step delivery)

റേഷൻ സാധനങ്ങൾ എഫ്.സി.ഐ. യിൽ നിന്നും വിട്ടെടുത്ത് ഇന്റർ മീഡിയറ്റ് ഗോഡൗണുകളിൽ സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളുടെ **(ARD)** ഇൻഡന്റ് പ്രകാരം റേഷൻ കടകളിൽ സർക്കാർ ചെലവിൽ എത്തിച്ച് കൊടുക്കേണ്ടതാണെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം പ്രാവർത്തികമാക്കുന്നതാണ്.

റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation)

റേഷൻ സാധനങ്ങളുടെ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിഷ്ക്കർഷിക്കുന്നു. എഫ്.സി.ഐ. യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയുന്നതിനായി ഓൺലൈൻ മോഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരം വകുപ്പിന്റെ വെബ്സൈറ്റായ **www.civilsupplieskerala.gov.in** ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം സംസ്ഥാന ഫുഡ് കമ്മീഷനും ജില്ലാ പരാതി പരിഹാര ആഫീസുകളും രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 14 ജില്ലകൾക്കും കൂടി 10 പരാതി പരിഹാര ആഫീസർമാരെയും ഒരു സംസ്ഥാന ഫുഡ് കമ്മീഷനെയും 21-08-2015 ലെ സ.ഉ.(കൈ)നം.23/15/ഭ.സി.സ.വ പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | നിയമം നടപ്പാക്കാത്ത പക്ഷം എ.പി.എൽ. വിഭാഗത്തിനുള്ള റേഷൻ സബ്സിഡി ഇല്ലാതാക്കുകയോ വിതരണം നിർത്തലാക്കുകയോ ചെയ്യുമെന്ന് കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ; | (ഡി) | സബ്സിഡി ഇല്ലാതാകുന്ന കാര്യം അറിയിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പാക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ നൽകുമോ ? | (ഇ) | 01.03.2017 മുതൽ റേഷൻ കാർഡ് വിതരണം നടത്തി ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*